'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

കോട്ടയം ജനറൽ ആശുപത്രിക്ക് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി നവീകരണം എന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്ന 1 കോടി രൂപ നാഷണൽ ഹെൽത്ത് മിഷനിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(സാധാ) നം.506/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/02/2020

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22/10/2019ലെ കത്ത്

2 06/12/2019ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.50 നമ്പർ തീരുമാനം.

ഉത്തരവ്

കേരള സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജനറൽ ആശുപത്രിയിൽ ഒ.പി. നവീകരണ പദ്ധതികൾ നടന്നുവരുന്നുണ്ട്. സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ ഡെപ്പോസിറ്റ് ചെയ്ത ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത ജോലികൾ നടത്തുന്നത്. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കോട്ടയം ജനറൽ ആശുപത്രിക്ക് വേണ്ടി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി നവീകരണം (പദ്ധതി നമ്പർ 1313/20) എന്ന പദ്ധതിയിൽ സിവിൽ, ഇലക്ട്രിക് വർക്കുകൾ ചെയ്യുന്നതിനും ഇ-ഹെൽത്തിനായുള്ള കേബിളുകൾ ഇടുന്നതിനുമായി 1 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ആർദ്രം പദ്ധതിയിൽപ്പെടുത്തി ടി പ്രവൃത്തികൾ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നതിനാലും പ്രായോഗികമായി ടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നത് നാഷണൽ ഹെൽത്ത് മിഷന് ആയതിനാലും കോട്ടയം ജനറൽ ആശുപത്രിക്ക് വേണ്ടി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി നവീകരണം എന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്ന 1 കോടി രൂപ നാഷണൽ ഹെൽത്ത് മിഷനിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്ന ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം ഒന്ന് പ്രകാരം ലഭ്യമാക്കുകയുണ്ടായി .

: സർക്കാർ ഈ വിഷയം പരാമർശം (2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഒ.പി നവീകരണം എന്ന പ്രോജക്ടിൽ കോട്ടയം ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ നാഷണൽ ഹെൽത്ത് മിഷനിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ടി പഞ്ചായത്തിന്റെ റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

ജില്ലാപഞ്ചായത്ത് സെക്രട്ടറി/ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, കോട്ടയം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

**File No.DB4/306/2019-LSGD**

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ